**മധുരമായ കുട്ടികളേ, ഈ സമയത്ത് ഭാരതത്തിന് ശ്രീമതത്തിന്റെ ആവശ്യകതയുണ്ട്, ശ്രീമതത്തിലൂടെത്തന്നെയാണ് കക്കയ്ക്കു സമാനമായ ഭാരതം വജ്ര സമാനമാകുന്നത്, എല്ലാവരുടെയും ഗതി-സദ്ഗതിയുണ്ടാകുന്നത് .**

**ചോദ്യം** - മനുഷ്യരിലില്ലാത്ത ഏതൊരു ശക്തിയാണ് സർവ്വശക്തനായ ബാബയിലുള്ളത്?
**ഉത്തരം** - രാവണനെ നശിപ്പിക്കാനുള്ള ശക്തി സർവ്വശക്തനായ ബാബയിൽ മാത്രമേയുള്ളൂ, ഏതൊരു മനുഷ്യനിലുമില്ല. രാമന്റെ ശക്തി ഇല്ലാതെ ഒരിക്കലും രാവണൻ മരിക്കില്ല. ബാബ വരുന്ന സമയത്ത് നിങ്ങൾ കുട്ടികൾക്ക് അങ്ങിനെയുള്ള ശക്തി നൽകുന്നു, അതിലൂടെ നിങ്ങളും രാവണനുമേൽ വിജയം കൈവരിക്കുന്നു.

**ഓംശാന്തി**. മധുരമായ കുട്ടികൾക്കറിയാം ഇത് ഹോളിഹംസങ്ങളുടെ സഭയാണ്. ഇവിടെ എല്ലാവരും ബ്രാഹ്മണരാണ്. പവിത്രമായവരെയാണ് ബ്രാഹ്മണരെന്നു പറയുന്നത്. അപവിത്രമായവർ ശൂദ്രവർണ്ണത്തിലേതാണ്. പുരുഷാർത്ഥികളെ പകുതി ബ്രാഹ്മണരെന്നാണ് പറയുക, അവിടെയുമല്ല, ഇവിടെയുമല്ല. ഒരു കാൽ ഒരുവശത്തേക്ക് പോകുന്ന തോണിയിലും, ഒരു കാൽ മറുവശത്തേക്ക് പോകുന്ന തോണിയിലുമാണെങ്കിൽ താഴേക്ക് വീണു പോകും, അതുകൊണ്ട് ഏതു വശത്തേക്ക് പോകണമെന്ന് നിർണ്ണയിക്കണം. അഥവാ ഏതെങ്കിലും അസുരൻ വന്നിവിടെ ഇരിക്കുന്നു എങ്കിൽ വിഘ്നമുണ്ടാക്കുന്നു. ഇതാരാണ് മനസ്സിലാക്കിത്തരുന്നത്? ശിവബാബ. ശിവനെക്കുറിച്ച് തന്നെയാണ് ബാബാ എന്ന വാക്ക് പറയുന്നത്. ശിവബാബ തന്നെയാണ് സഞ്ചി നിറയ്ക്കുന്നത്. ബാബയിൽ നിന്നും തീർച്ചയായും സമ്പത്ത് ലഭിക്കുന്നു. ശിവന്റെ എത്രയധികം ക്ഷേത്രങ്ങളാണുള്ളത്. ബാബയും നിരാകാരനാണ്, വിശ്വത്തിന്റെ രചയിതാവാണ്. വിശ്വത്തിൽ ലക്ഷ്മി-നാരായണന്റെ രാജ്യമായിരുന്നു, അപ്പോൾ തീർച്ചയായും അവർ ബാബയിൽ നിന്നും സമ്പത്ത് നേടിയിരിക്കും. ഇപ്പോൾ നിങ്ങൾ ശൂദ്രനിൽ നിന്നും ബ്രാഹ്മണനായിരിക്കുന്നു. ശൂദ്രൻ അർത്ഥം കല്ലു ബുദ്ധി, ലക്ഷ്മി-നാരായണൻ പവിഴബുദ്ധികളാണ്. മായയിൽ നിന്നും ബുദ്ധിയ്ക്ക് അടിയേൽക്കുന്നു. മായയുടെ പേര് ഭാരതത്തിൽ പ്രശസ്തമാണ്. ഈ സമയം മായാരാവണന്റെ രാജ്യമാണ്, അർത്ഥം രാവണ സമ്പ്രദായമാണ്. അതിനാലാണ് രാവണനെ കൊല്ലുന്നുണ്ടെങ്കിലും അത് നശിക്കാത്തത്. രാമന്റെ ശക്തിയിലൂടെ മാത്രമേ രാവണനു മേൽ വിജയം പ്രാപ്തമാക്കുവാൻ സാധിക്കൂ. സർവ്വശക്തനിൽ നിന്നു മാത്രമേ ശക്തി ലഭിക്കൂ. ബാബ പരമപിതാവായ പരമാത്മാവാണ്. ബാബയ്ക്ക് സ്ഥൂലമോ സൂക്ഷ്മമോ ആയ ശരീരമില്ല, നിരാകാരനായ ഭഗവാൻ എങ്ങനെ ഭാരതത്തിലേക്ക് വരുന്നു എന്ന് ആരുടെയും ബുദ്ധിയിലേക്ക് വരുന്നില്ല. ആത്മാവിന് അവയവങ്ങൾ കൂടാതെ കർമ്മങ്ങൾ ചെയ്യാൻ സാധിക്കില്ല. അതുകൊണ്ടാണ് കല്ലു ബുദ്ധിയെന്ന് പറയുന്നത്. ബാബ മനസ്സിലാക്കിത്തരുന്നു, ഭഗവാൻ ഏറ്റവും ഉയർന്നതിലും ഉയർന്നതാണ്. ബാബയുടേത് ഏറ്റവും ഉയർന്ന മതമാണ്. ഇല്ലെങ്കിൽ എന്തിനു ഭഗവാനെ സ്മരിക്കണം? അവരുടെ മതമാണ് സ്മരിക്കപ്പെടുന്നത്. തീർച്ചയായും ഭഗവാൻ വരേണ്ട പാർട്ടും ഡ്രാമയിൽ അടങ്ങിയിട്ടുണ്ട്. മനുഷ്യർ ഇതൊന്നും തന്നെ മനസ്സിലാക്കുന്നില്ല. പലരും ഇങ്ങനെ പറയുന്നുണ്ട്, ക്രിസ്തുവിനു 3000 വർഷങ്ങൾക്കു മുമ്പ് ഗീത കേൾപ്പിച്ചിരുന്നു. അങ്ങനെയാണെങ്കിൽ ഇതും കേൾപ്പിക്കൂ ഈ ഗീത ഏതു രാജ്യത്തിൽ, ഏതു യുഗത്തിലാണ് കേൾപ്പിച്ചത്, ആരാണ് കേൾപ്പിച്ചത്? ഒരേയൊരു ശാസ്ത്രത്തിലാണ് കൃഷ്ണ ഭഗവാനുവാച എന്നെഴുതിയിരിക്കുന്നത്, പിന്നീട് രുദ്ര ജ്ഞാന യജ്ഞമെന്നും പറയുന്നുണ്ട്. രുദ്രനെന്ന് ശിവനെയാണ് പറയുന്നത്. കൃഷ്ണനെ ഒരിക്കലും അച്ഛനെന്നു പറയുന്നില്ല. ശിവബാബ എന്നു പറയുന്നു. ശിവബാബ തന്നെയാണ് ജ്ഞാനസാഗരനും ആനന്ദസാഗരനും അതുകൊണ്ടു തന്നെയാണ് ഭക്തർ വിളിക്കുന്നതും. ഭക്തി ചെയ്തതിനു ശേഷം ഭഗവാനെ ലഭിക്കുമെന്നു മനസ്സിലാക്കുന്നു. ശരി, ഭക്തി എപ്പോൾ ആരംഭിച്ചു, എപ്പോൾ ഭഗവാനെ ലഭിക്കുന്നു? പാപാത്മാക്കളുടെ ലോകത്തിൽ നിന്നും എപ്പോൾ പുണ്യാത്മാക്കളുടെ ലോകത്തേക്കു പോകുമെന്നുള്ളതും ആർക്കും അറിയില്ല. നിങ്ങൾ ശൂദ്ര വർണ്ണത്തിലുള്ളതായിരുന്നു. ഇപ്പോൾ ബ്രഹ്മാ മുഖവംശാവലി ബ്രാഹ്മണരാണ്. ആരാണ് നിങ്ങളെ ബ്രാഹ്മണരാക്കിയത്? ശിവബാബ. ബാബ രചയിതാവാണ്. ബ്രാഹ്മണവർണ്ണം ഏറ്റവും ഉയർന്നതിലും ഉയർന്നതാണ്. ബ്രാഹ്മണരെ കുടുമിയെന്നും പറയുന്നു, കാരണം സാകാരത്തിലല്ലേ. പക്ഷേ അവരെ അങ്ങനെയാക്കിയത് നിരാകാരനാണ്. ബാബ പരമപിതാവായ പരമാത്മാവാണ്. ഈ വാക്ക് പക്കാ ഓർമ്മിച്ചോളൂ. ഡ്രാമാ അനുസരിച്ച് എപ്പോഴാണോ ഈ സൃഷ്ടി തമോപ്രധാനമാകുന്നത്, അപ്പോൾ എനിക്ക് വരേണ്ടി വരുന്നു. ഞാനും ഡ്രാമയുടെ ബന്ധനത്തിൽ ബന്ധിതനാണ്. നിങ്ങളെ പതിതത്തിൽ നിന്നും പാവനമാക്കി സുഖശാന്തിയുടെ സമ്പത്ത് നൽകുന്നു. ബാക്കി എല്ലാവർക്കും ശാന്തിയുടെ സമ്പത്താണ് നൽകുന്നത്. രാമനാൽ സ്ഥാപിക്കപ്പെട്ട സത്യ-ത്രേതായുഗം പുതിയ ലോകമായിരുന്നു. രാമൻ എന്ന വാക്കിനെക്കാളും ശിവ

ബാബ എന്ന വാക്കാണ് ശരിയായത്. ശിവബാബ എന്ന വാക്ക് എല്ലാവരും പറയുന്നതാണ്. അപ്പോൾ പുതിയ ലോകത്തിന്റെ രചയിതാവായ ബാബ വന്ന് സമ്പത്ത് നൽകുന്നു. ബ്രാഹ്മണർക്ക് തന്നെ ഗീത കേൾപ്പിക്കണം. ശൂദ്രനിൽ നിന്നും എപ്പോഴാണോ ബ്രഹ്മാ മുഖവംശാവലി ബ്രാഹ്മണരായത് അപ്പോഴാണ് ഗീത കേൾപ്പിച്ചത്. ബ്രാഹ്മണരുടെ ജ്ഞാനത്തിന്റെ മൂന്നാമത്തെ നേത്രം തുറന്നു, അതുകൊണ്ടാണ് പറയുന്നത് ജ്ഞാനാഞ്ജനം സദ്ഗുരു നൽകിയപ്പോൾ അജ്ഞാന അന്ധകാരം വിനാശമായി. കുട്ടികൾ ബാബയോട് പറയുന്നു, ഞങ്ങളെ നരകമാകുന്ന ഈ ലോകത്തിൽ നിന്നും സ്വർഗ്ഗത്തിലേക്ക് കൊണ്ടുപോകൂ. ഇത് ശിവഭഗവാന്റെ മഹാവാക്യങ്ങളാണ്, ശിവാചാര്യന്റെ വചനങ്ങളാണ്. ശിവാചാര്യൻ(ശിവബാബ) പരിധിയില്ലാത്ത സന്യാസമാണ് പഠിപ്പിക്കുന്നത്. ശങ്കരാചാര്യൻ പരിധിയുള്ള സന്യാസവും. പരിധിയില്ലാത്ത അച്ഛൻ പറയുന്നു, ഈ പഴയ ലോകത്തെ മറക്കൂ. ഇപ്പോൾ നിങ്ങൾക്ക് സദാസുഖത്തിന്റെ ലോകത്തിലേക്ക് പോകണം. കൃഷ്ണപുരി, കംസപുരി എന്നു പറയാറുണ്ടല്ലോ. കൃഷ്ണപുരി എന്ന് സത്യയുഗത്തെയും കംസപുരി എന്ന് കലിയുഗത്തെയുമാണ് പറയുന്നത്. രണ്ടും ഒരുമിച്ചുണ്ടാകില്ല. സത്യയുഗത്തിൽ കംസൻ എവിടെ നിന്നു വരാനാണ്. ഇതിനൊക്കെ ബുദ്ധി പ്രയോഗിക്കണം. ഇപ്പോൾ സ്വയം ബാബ വന്നിരിക്കുകയാണ് സ്വർഗ്ഗത്തിലെ അളവറ്റ സുഖം നൽകുവാനായി.

ബാബ പറയുന്നു ഈ അന്തിമ ജന്മത്തിൽ എന്തു പഠിക്കുന്നുവോ അത് പഠിക്കൂ, പിന്നീട് രാജധാനിയുടെ സ്ഥാപനയാണ്. ബാബ തന്നെയാണ് വന്ന് ശൂദ്രനിൽ നിന്നും ബ്രാഹ്മണനും ദേവതയുമാക്കുന്നത്. മറ്റുള്ളവർ ഹിന്ദുക്കളെ, ക്രിസ്ത്യാനികളോ ബുദ്ധമതക്കാരോ ആക്കി മാറ്റുന്നു. എന്നാൽ ശൂദ്രരെ ബ്രാഹ്മണരാക്കി എന്ന് എപ്പോഴെങ്കിലും കേട്ടിട്ടുണ്ടോ. ഇത് ശിവബാബയുടെ മാത്രം കർത്തവ്യമാണ്. ബാബയ്ക്കു മാത്രമേ ബ്രാഹ്മണരെ ദേവതയാക്കാൻ സാധിക്കൂ. ഓരോരുത്തരും അവനവനോട് ചോദിക്കൂ, ഞാൻ ആദ്യം ഏത് ധർമ്മത്തിൽ, ഏത് വർണ്ണത്തിൽപ്പെട്ടതായിരുന്നു? എന്റെ ഗുരു ഏതാണ്? ഏത് ശാസ്ത്രമായിരുന്നു പഠിച്ചിരുന്നത്? ഗുരുവിൽ നിന്നും ഏത് മന്ത്രം സ്വീകരിച്ചിരുന്നു? പിന്നീട് എപ്പോഴാണ് ശിവബാബ ബ്രഹ്മാവിലൂടെ ബ്രാഹ്മണനാക്കിയത്? ഇത് ഓരോരുത്തരിൽ നിന്നും എഴുതിക്കണം. ഇപ്പോൾ നിങ്ങൾ കുട്ടികളോട് ബാബ പറയുന്നു, എന്നെ മാത്രം ഓർമ്മിക്കൂ. മായാ രാവണൻ നിങ്ങളെ ദുർദശയിലാക്കിയിരിക്കുന്നു. ഇപ്പോൾ നിങ്ങൾ ബ്രാഹ്മണ സമ്പ്രദായത്തിലാണ്, പിന്നീട് ദൈവീക സമ്പ്രദായത്തിലുള്ളവരായി മാറണം. നിങ്ങളെ നിരാകാരനായ പരമപിതാ പരമാത്മാവാണ് പരിവർത്തനപ്പെടുത്തിയത്. കുട്ടികൾക്ക് ഓരോരുത്തരെക്കൊണ്ടും എഴുതിക്കണം, അവർ ഏതു ധർമ്മത്തിലേതാണ്, ആരെയാണ് പൂജിച്ചിരുന്നത്? ഗുരുവിനെ സ്വീകരിച്ചിരുന്നുവോ ഇല്ലയോ? ആരാണ് ബ്രാഹ്മണ വർണ്ണത്തിലേക്ക് കൊണ്ടുവന്നത്? ഈ ബ്രഹ്മാബാബയും എഴുതും, ഞാൻ ഹിന്ദു ധർമ്മത്തിലേതായിരുന്നു, ഒരുപാട് ഗുരുക്കന്മാരെ സമീപിച്ചിരുന്നു. ശാസ്ത്രങ്ങൾ ധാരാളം പഠിച്ചിരുന്നു. സിക്ക് ധർമ്മത്തിലുള്ളവർ പറയും, ഞങ്ങൾ സിക്ക് ധർമ്മത്തിലുള്ളവരാണ്. ഭാരതവാസികൾക്കു മാത്രമാണ് തന്റെ ദേവതാധർമ്മത്തെക്കുറിച്ചുള്ള അറിവില്ലാത്തത്. സിക്ക് ധർമ്മത്തിലുള്ളവർ ഒരിക്കലും ദേവതകളായിരുന്നു എന്ന് പറയാൻ സാധിക്കില്ല. ഓരോരുത്തരും അവരവരെ അവനവന്റെ ധർമ്മത്തിലുള്ളതാണെന്നേ പറയാൻ സാധിക്കൂ. ഇപ്പോൾ ബാബ പറയുന്നു ആരെല്ലാമാണോ ശിവന്റെ ഭക്തർ, അഥവാ ശിവന്റെ രചനയായ ദേവീദേവതകളുടെ ഭക്തർ അവർക്ക് ഇത് കേൾപ്പിച്ചു കൊടുക്കണം. അവർ നല്ല രീതിയിൽ കേൾക്കും. സത്യ-ത്രേതായുഗത്തിൽ സൂര്യവംശി, ചന്ദ്രവംശികളായിരുന്നു, അവരുടെ ചിത്രങ്ങളുമുണ്ട്. ഇംഗ്ലീഷിൽ ഡീറ്റിസം(ദേവീ-ദേവത) എന്നു പറയുന്നു. ഇപ്പോൾ ബാബ ദേവീദേവതാ ധർമ്മത്തിന്റെ സ്ഥാപനയാണ് നിർവ്വഹിക്കുന്നത്. ഇപ്പോൾ നിങ്ങൾ ബ്രാഹ്മണവർണ്ണത്തിൽ നിന്നും ദേവതാവർണ്ണത്തിലുള്ളവരാകുന്നു. ഭാരതവാസികൾ തന്നെയാണ് പൂജ്യരും പൂജാരികളുമായിത്തീരുന്നത്. സത്യയുഗത്തിൽ പൂജ്യരായിരുന്നു, ബാബ പറയുന്നു ഞാൻ സദാ പൂജ്യനാണ്. ഇപ്പോൾ നിങ്ങൾ ഇവിടേക്ക് രാജയോഗം പഠിക്കാനാണ് വന്നിരിക്കുന്നത്. ഭാവിയിലെ 21 ജന്മത്തേക്കുള്ള സമ്പത്ത് ശിവബാബയിൽ നിന്നും പ്രാപ്തമാക്കുന്നതിനായി. നിങ്ങൾ ബ്രഹ്മാവംശികളായി മാറാത്തതുവരെയും നിങ്ങളെ ബ്രാഹ്മണരെന്നു പറയില്ല. ശരി. ഇന്ന് ഭോഗാണ്. ബ്രാഹ്മണരെ കഴിപ്പിക്കുന്നതിന്റെ സമ്പ്രദായവുമുണ്ട്. ബാക്കി ഇതിൽ ജ്ഞാനവുമായി യാതൊരു ബന്ധവുമില്ല. ഇവിടെ ജ്ഞാനസാഗരന്റെയും ജ്ഞാനഗംഗകളുടെയും മിലനമാണ്. അവിടെ(സൂക്ഷ്മവതനത്തിൽ) ദേവതകളുടെയും നിങ്ങൾ ബ്രാഹ്മണരുടെയും മിലനമാണുണ്ടാകുന്നത്. ഇതിൽ സംശയിക്കേണ്ടതായ ആവശ്യമില്ല. ബാബ പറയുന്നു, ദേഹസഹിതം ദേഹത്തിന്റെ സർവ്വസംബന്ധങ്ങളിൽ നിന്നുമുള്ള മമത്വത്തെ ഇല്ലാതാക്കൂ. എന്നെ മാത്രം ഓർമ്മിക്കൂ എന്നാൽ അന്തിമത്തിൽ മനസ്സെങ്ങനെയോ അതുപോലെ ഗതി കിട്ടും. ഞാൻ പ്രതിജ്ഞ ചെയ്യുന്നു, നിങ്ങളെ സ്വർഗ്ഗത്തിലേക്ക് അയക്കും. ദിവസേന ക്ലാസ്സിൽ ചോദിക്കൂ ശിവബാബയോട് പ്രതിജ്ഞ ചെയ്യാമല്ലോ. ശിവബാബ പറയുന്നത് എന്റെ മതമനുസരിച്ച് നടക്കൂ എന്നാണ്. ബാബയുടെ ശ്രീമതം പ്രശസ്തമാണ്. ശ്രീമതം അർത്ഥം ശ്രേഷ്ഠമതം. ബ്രഹ്മാവിന്റെ മതവും പ്രശസ്തമാണ്. ബ്രഹ്മാവിനെക്കാളും ഉയർന്നതാണ്, ബ്രഹ്മാവിന്റെ അച്ഛനായ ശിവബാബ. ഭോജനത്തിന് ഇരിക്കുന്ന സമയത്ത് ശിവബാബയെ

ഓർമ്മിക്കണം. വളരെ പ്രിയപ്പെട്ട അച്ഛനാണ്. ബാബയോടൊപ്പമാണ് നാം ഭോജനം കഴിക്കുന്നത്. ഈ ഓർമ്മയിലൂടെ വളരെയധികം ശക്തി ലഭിക്കുന്നു. കുട്ടികൾ ഇടയ്ക്കിടെ മറന്നു പോകുന്നു. ഭാരതത്തിന് ഇപ്പോൾ ശിവബാബയുടെ ശ്രീമത്തിന്റെ ആവശ്യകതയുണ്ട്. എന്തുകൊണ്ടെന്നാൽ ബാബയാണ് സർവ്വരുടെയും സദ്ഗതി ദാതാവ്. പതിതപാവനൻ. ബാബയെയും സമ്പത്തിനെയും ഓർമ്മിക്കൂ. മായ അനേക പ്രകാരത്തിലുള്ള വിഘ്നങ്ങളുണ്ടാക്കുമെങ്കിലും അതിനെ ഭയപ്പെടരുത്. ജ്ഞാനം വളരെയധികം എളുപ്പമാണ്. ബാക്കി യോഗത്തിലിരിക്കുക, ഒരേയൊരു ബാബയുമായി ബുദ്ധിയോഗം യോജിപ്പിക്കുക, ഇതിലാണ് പ്രയത്നം. ബുദ്ധി മറ്റു സ്ഥലത്ത് അലയുന്നതിനെക്കാളും ഒരേയൊരു ബാബയെ ഓർമ്മിക്കുന്നതല്ലേ നല്ലത്. ഇവിടെ ഗീത വായിക്കേണ്ടതായ ആവശ്യവും വരുന്നില്ല. ബാബ സ്വയം വരുന്നുണ്ടല്ലോ. ബാക്കി എല്ലാ ശാസ്ത്രങ്ങളും ഗീതയുടെ കുട്ടികളും പേരമക്കളുമാണ്. അതിലൂടെയൊന്നും സമ്പത്ത് ലഭിക്കില്ല. പരിധിയില്ലാത്ത സമ്പത്ത് ഒരേയൊരു പരിധിയില്ലാത്ത അച്ഛനിൽ നിന്നുമാണ് ലഭിക്കുന്നത്. ശരി.

ബാപ്ദാദ കുട്ടികളുടെ മുന്നിലാണ് ഇരിക്കുന്നത്. ബാബ പറയുന്നു, ഞാൻ നിങ്ങളുടെ പിതാവ് ബ്രഹ്മാവിലൂടെ മമ്മയുടെ, ദാദയുടെ കുട്ടികളുടെയെല്ലാം സ്നേഹസ്മരണകൾ നൽകുന്നു. ശരി–

വളരെക്കാലത്തെ വേർപാടിനുശേഷം തിരികെക്കിട്ടിയ മധുര മധുരമായ സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

### ധാരണയ്ക്കുള്ള മുഖ്യ സാരം:–

1. ഏറ്റവും പ്രിയപ്പെട്ട അച്ഛനെ കൂടെയിരുത്തി ഭോജനം കഴിക്കണം. ഒരേയൊരു ബാബയുമായി ബുദ്ധിയോഗം യോജിപ്പിക്കണം. ഒന്നിന്റെ മാത്രം ശ്രീമതമനുസരിച്ച് നടക്കണം.

2. ബുദ്ധികൊണ്ട് പരിധിയില്ലാത്ത പഴയ ലോകത്തെ മറക്കണം, ഇതിനെത്തന്നെയാണ് സന്യാസം ചെയ്യേണ്ടത്.

### വരദാനം:– ദേഹം, ദേഹത്തിന്റെ സംബന്ധവും പദാർത്ഥവും ഇവയുടെ ബന്ധനങ്ങളിൽ നിന്ന് മുക്തമായിരിക്കുന്ന ജീവന്മുക്ത ഫരിസ്തയായി ഭവിക്കട്ടെ.

ഫരിസ്ത എന്നാൽ പഴയ ലോകത്തിനോടും പഴയ ദേഹത്തിനോടും മോഹത്തിന്റെ ബന്ധനങ്ങളുണ്ടാകില്ല. ദേഹവുമായി ആത്മാവിന് ബന്ധനമുണ്ട്, പക്ഷെ മോഹത്തിന്റെ സംബന്ധമില്ല. കർമ്മേന്ദ്രിയങ്ങളിലൂടെ കർമ്മത്തിന്റെ സംബന്ധത്തിൽ വരിക എന്നത് വേറെ കാര്യം, പക്ഷ കർമ്മബന്ധനത്തിൽ വരരുത്. ഫരിസ്ത അർത്ഥം കർമ്മം ചെയ്തുകൊണ്ടും കർമ്മത്തിന്റെ ബന്ധനത്തിൽ നിന്നും മുക്തം. ദേഹത്തിന്റെയും ബന്ധനമില്ല, ദേഹത്തിന്റെ സംബന്ധങ്ങളുടെയും ബന്ധനമില്ല, ദേഹത്തിന്റെ പദാർത്ഥങ്ങളോടുമില്ല–അങ്ങനെ ബന്ധനമുക്തരായിരിക്കുന്നവർ തന്നെയാണ് ജീവൻമുക്ത ഫരിസ്തകൾ.

### സ്ലോഗൻ:– സ്ഥൂല സമ്പത്തുക്കളെക്കാൾ മൂല്യമേറിയതാണ് ആത്മീയ സ്നേഹത്തിന്റെ സമ്പത്ത്.

### മാതേശ്വരിജിയുടെ അമൂല്യ മഹാവാക്യങ്ങൾ

ദൗർഭാഗ്യശാലിയും സൗഭാഗ്യശാലിയും, ഈ രണ്ട് വാക്കുകളുടെയും ആധാരം ഏതിന്റെ അടിസ്ഥാനത്തിലാണ് നടക്കുന്നത്? ഇതാണെങ്കിൽ നമുക്കറിയാം സൗഭാഗ്യം നേടിത്തരുന്നത് പരമാത്മാവാണ്, എങ്കിൽ ദൗർഭാഗ്യം സൃഷ്ടിക്കുന്നത് സ്വയം മനുഷ്യൻ തന്നെയാണ്. മനുഷ്യർ സർവ്വരീതിയിലും സുഖമാണെങ്കിൽ അവരുടെ നല്ല ഭാഗ്യം എന്നാണ് പറയുക. മനുഷ്യൻ ദു:ഖിയാണെന്ന് മനസ്സിലാക്കുമ്പോൾ അവർ സ്വയത്തെ ദൗർഭാഗ്യശാലിയെന്ന് കരുതുന്നു. നമ്മൾ ഇങ്ങനെ പറയില്ല, അതായത് ദൗർഭാഗ്യശാലിയും സൗഭാഗ്യശാലിയുമാകുന്നത് പരമാത്മാവിലൂടെയാണെന്ന്, അല്ല. ഭാഗ്യത്തെ മോശമാക്കുന്നതും ഉണ്ടാക്കുന്നതും ഇവയെല്ലാം കർമ്മങ്ങളുടെ അടിസ്ഥാനത്തിലാണ്. ഇതെല്ലാം മനുഷ്യരുടെ സംസ്കാരങ്ങൾക്ക് അനുസൃതമാണ്. പിന്നെ പാപത്തിന്റെയും പുണ്യത്തിന്റെയും സംസ്കാരങ്ങൾ നിറയുന്നതിനനുസരിച്ച് ഭാഗ്യമുണ്ടാകുന്നു, പക്ഷെ മനുഷ്യർ ഈ രഹസ്യം അറിയാത്തത് കാരണം പരമാത്മാവിനുമേൽ ദോഷം ആരോപിക്കുന്നു. ഇപ്പോൾ നോക്കൂ, മനുഷ്യൻ സ്വയത്തെ സുഖിയാക്കി വെക്കുന്നതിന് വേണ്ടി മായ

യുടെ എത്രയെത്ര മാർഗ്ഗങ്ങളാണ് അവലംബിക്കുന്നത്, പിന്നെ അതേ മായയെ ത്യജിച്ച് മായയെ ഉപേക്ഷിക്കുന്നതിലൂടെ സ്വയത്തെ സുഖിയെന്ന് മനസ്സിലാക്കുന്നു. എന്നുവെച്ചാൽ പല പ്രകാരത്തിലുള്ള പ്രയത്നം ചെയ്യുന്നു, പക്ഷെ ഇത്രയും രീതികൾ പ്രയോഗിച്ചിട്ടും ഫലം ദു:ഖത്തിന്റെ വശത്തേക്ക് തന്നെയാണ് പോയിക്കൊണ്ടിരിക്കുന്നത്. സൃഷ്ടിക്കുമേൽ കനത്ത ദു:ഖമുണ്ടാകുമ്പോൾ ആ സമയത്ത് സ്വയം പരമാത്മാവ് ഗുപ്തരൂപത്തിൽ വന്ന് തന്റെ ഈശ്വരീയ യോഗശക്തിയിലൂടെ ദൈവീകസൃഷ്ടിയുടെ സ്ഥാപന നടത്തി സർവ്വ മനുഷ്യാത്മാക്കളെയും സൗഭാഗ്യശാലികളാക്കി മാറ്റുന്നു.

2. മനുഷ്യർ പാടാറുണ്ട്- അങ്ങ് മാതാ-പിതാവാണ്, ഞങ്ങൾ അങ്ങയുടെ മക്കളാണ്, അങ്ങയുടെ കൃപയിലൂടെ അളവറ്റ സുഖം..... ഈ മഹിമ ആരെക്കുറിച്ചാണ് പാടിയിട്ടുള്ളത്? തീർച്ചയായും പരമാത്മാവിനെക്കുറിച്ചുള്ള മഹിമയാണ്, എന്തുകൊണ്ടെന്നാൽ പരമാത്മാവ് സ്വയം മാതാ-പിതാവിന്റെ രൂപത്തിൽ വന്ന് ഈ സൃഷ്ടിക്ക് അപാര സുഖം നൽകുന്നു. പരമാത്മാവ് തീർച്ചയായും എപ്പോഴോ സുഖത്തിന്റെ സൃഷ്ടി രചിച്ചിട്ടുണ്ട്, അതുകൊണ്ടാണ് പരമാത്മാവിനെ മാതാ-പിതാവെന്ന് പറഞ്ഞ് വിളിക്കുന്നത്. പക്ഷെ മനുഷ്യർക്ക് ഈ അറിവേയില്ല, സുഖം എന്ത് വസ്തുവാണെന്ന്. ഈ സൃഷ്ടിയിൽ അപാര സുഖമുണ്ടായിരുന്നപ്പോൾ ശാന്തിയും ഉണ്ടായിരുന്നു, പക്ഷെ ഇപ്പോൾ ആ സുഖം ഇല്ല. ഇപ്പോൾ മനുഷ്യർക്കുള്ളിൽ ഈ ആഗ്രഹം ഉടലെടുക്കുകയാണ്, ആ സുഖം ഞങ്ങൾക്ക് വേണം, പിന്നെ ധനവും എന്തെങ്കിലും വസ്തുക്കൾക്ക് വേണ്ടിയും യാചിക്കുന്നു, ചിലർ മക്കളെ കിട്ടാൻ യാചിക്കുന്നു, ചിലർ ഇങ്ങിനെയും യാചിക്കുന്നു, അതായത് ഞങ്ങൾക്ക് പതിവ്രതയായ നാരിയായിരിക്കാൻ കഴിയണം, എന്റെ പതി ജീവിച്ചിരിക്കുന്നിടത്തോളം ഞാൻ വിധവയാകരുത്. അപ്പോൾ ആഗ്രഹങ്ങൾ സുഖമായിട്ടിരിക്കാൻ തന്നെയാണല്ലോ. അതിനാൽ പരമാത്മാവും ഏതെങ്കിലും സമയത്ത് അവരുടെ ആഗ്രഹം അവശ്യം പൂർത്തീകരിക്കും. സത്യയുഗസമയത്ത് സൃഷ്ടിയിൽ സ്വർഗ്ഗമായിരുന്നപ്പോൾ അവിടെ സദാ സുഖമുണ്ടായിരുന്നു, സ്ത്രീ ഒരിക്കലും വിധവയായിരുന്നില്ല. അതിനാൽ ആ അഭിലാഷം അപാര സുഖമുള്ള സത്യയുഗത്തിൽ പൂർത്തീകരിക്കുന്നു. ബാക്കി ഈ സമയത്ത് കലിയുഗം തന്നെയാണ്. ഈ സമയത്ത് മനുഷ്യർ ദു:ഖത്തോട് ദു:ഖം അനുഭവിക്കുകയാണ്. ദു:ഖിയായ മനുഷ്യൻ പിന്നെ പറയുന്നു, അതായത് ഈശ്വരൻ തന്നത് രണ്ട് കൈയും നീട്ടി സ്വീകരിക്കണമെന്ന് . പക്ഷെ ഈശ്വരന് ഒരിക്കലും ആർക്കും ദു:ഖം നൽകാൻ സാധിക്കില്ല. ഈശ്വരൻ നമ്മുടെ മുഴുവൻ കർമ്മക്കണക്കുകളും തീർപ്പാക്കിത്തരുന്നു, അപ്പോഴാണ് നാം പറയുന്നത് അങ്ങ് മാതാ പിതാവും ഞങ്ങൾ അങ്ങയുടെ മക്കളും....ഓം ശാന്തി.